മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ പണം മിച്ചം ആക്കിയതൊ, പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിലെ ആവശ്യം കഴിച്ചു മിച്ചം ആയതൊ? ഇതിൽ ഏതു തരത്തിൽ മിച്ചംവന്ന പണമാണ് കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് മാറ്റിയതെന്ന് വ്യക്തമാകുന്നില്ല.

പ്രസിഡെണ്ട്.—പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിലെ പണികൾ നടത്തിയ ശേഷം മിച്ചം വന്നതൊ അതിലെ പണികൾ നടത്താതെ കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് പണം ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ എന്നാണൊ ചോദിക്കുന്നത്. (*Laughter.*)

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവുചെയ്യാതെ മിച്ചം ഉണ്ടായിരുന്നതുകൊണ്ടാണ് കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് എടുത്തതെന്ന് മറുപടിയിൽ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ചിലവുചെയ്യാതെ മിച്ചം ആയതുകൊണ്ട് മാറ്റിയതെന്നാണ് മറുപടിയിൽ പറയുന്നത്. ചിലവ് ഉണ്ടായിരുന്നിട്ടും ചിലവുചെയ്യാതെ കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ, ചിലവുചെയ്ത് മിച്ചം ആയതൊ? ഇതിൽമിച്ചം ആയതൊ ആക്കിയതൊ (*Laughter*) എന്നാണ് ഞാൻ ചോദിക്കുന്നതിന്റെ അർത്ഥം.

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവ് ഉണ്ടായിരുന്നു. എന്നാൽ അതു യും ചെലവാകേണ്ടിവന്നില്ല. അങ്ങിനെ മിച്ചം ആയതാണ് കൃഷിഡിപ്പാർട്ടുമെണ്ടിലേയ്ക്ക് എടുത്തത്.

പ്രസിഡെണ്ട്.—ഇപ്പോൾ സ്പഷ്ടമായില്ലെ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ഉവ്വ്.

The qualification for a Panchayatdar.

360. Mr. I. E. Ambookan.—Will the Government be pleased to state whether they have come to know the present qualification for a Panchayatdar is too much and whether they propose to reduce the tax qualification now fixed by the same?

Mr. I. Raman Menon.—There have been representations to the Government that the present tax qualification is high, and the matter has been referred to the several Panchayats for an expression of their views. The question of reduction will be considered after the reports called for from them are received.

Improvement to the present system of Panchayat Administration.

361. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—സംസ്ഥാനത്തെ ഇപ്പോഴത്തെ പഞ്ചായത്തുകളിലെ എല്ലാഅംഗങ്ങളേയും വിളിച്ചുകൂട്ടി ഒരു മഹായോഗം നടത്തി അവരുടെ അഭിപ്രായം അറിഞ്ഞ് പ്രസ്തുത പ്രസ്ഥാനത്തെ പരിഷ്കരിക്കണമെന്ന് ഗവർമ്മെണ്ടിനോട് ഏതെങ്കിലും പഞ്ചായത്തുകാർ അപേക്ഷിച്ചിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഐ. രാമമേനോൻ.—അപേക്ഷിക്കുക ഉണ്ടായിട്ടുണ്ട്.

362. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—അങ്ങനെയുള്ള ഒരു മഹായോഗം വിളിച്ചുകൂട്ടുവാൻ ഗവർമ്മേണ്ടു് സദയം ശ്രമിക്കുമോ?

മിസ്റ്റർ ഐ. രാമമേനോൻ.—ശ്രമിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ ഓരോ താലൂക്കിൽപെട്ട എല്ലാ പഞ്ചായത്തംഗങ്ങളും കൂടിയ സഭകൾ അതാതു് താലൂക്കുകളിൽ സൌകര്യമുള്ള സ്ഥലത്തുവെച്ചു് കൂടുന്ന സംഗതിയെപ്പറ്റി ഗവർമ്മേണ്ടിൽനിന്നും ആലോചിച്ചുവരുന്നുണ്ടു്.

363. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—സംസ്ഥാനത്തെ സ്വയംഭരണസ്ഥാപനങ്ങളുടെ അടിത്തറയായ പഞ്ചായത്തു് പ്രസ്ഥാനത്തെ പരിഷ്കരിച്ചു് ഗവർമ്മേണ്ടിനും പ്രജകൾക്കും ഇപ്പോഴത്തേക്കാൾ കൂടുതൽഗുണകരവും ഉപയോഗപ്രദവുമായ ഒരു സ്ഥാപനമാക്കിത്തീർക്കുവാൻ ഗവർമ്മേണ്ടിനു് ഭയമുണ്ടാകുമോ?

മിസ്റ്റർ ഐ. രാമമേനോൻ.—ഈ വിഷയം ഗവർമ്മേണ്ടിന്റെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. 1100-ാമാണ്ടത്തെ ഭരണറിപ്പോർട്ടിന്റെ 275-ാം വകുപ്പു് നോക്കുക.

The reason for not giving the Pallivirutti Village the privileges of Panchayat Administration.

364. Mr. George Chakayamuri.—(a) Will the Government be pleased to state its reasons for not granting the privileges of Panchayat administration to the Pallivirutti Village till now?

(b) Will the Government be further pleased to state whether it intends to grant such a privilege to Pallivirutti in the near future, and if so, when?

Mr. I. Raman Menon.—(a) Yes. Government had an idea to extend the limits of the Mattancheri Municipality over the village in question.

(b) The matter will be considered.

Mr. George Chakyamuri.—Was the idea to extend the limits of the Mattancheri Municipality over the whole of the village or only a part? If so, which part?

Mr. I. Raman Menon.—I am not quite sure. A portion of the village, I think.

President.—In connection with the extension of the road. It may not be the whole of the village. We cannot answer without sufficient basis. Have you got any other question?

Mr. George Chakyamuri.—And I should like to know what became of the idea of the Government to extend the

LIBRARY ARCHIVES Kerala Legislative Assembly